മാധ്യമം 25 May 2022

# സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണന് വാസ്വിക് പുരസ്കാരം



ഡോ. എ. ഗോപാലകൃഷ്ണൻ

**കൊച്ചി:** കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന് 2020ലെ വാസ്വിക് ഇൻഡസ്ട്രിയൽ റിസർച്ച് പുരസ്കാരം. അഗ്രികൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ മത്സ്യജനിതക ഗവേഷണ മേഖലയിലെ നേട്ടങ്ങൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം. പ്രശസ്തിപത്രവും ഒന്നര ലക്ഷം രൂപയുമടങ്ങുന്ന പുരസ്കാരം ശാസ്ത്ര-സാങ്കേതിക-പാരിസ്ഥിതിക ഗവേഷണ രംഗത്ത് മികച്ച സംഭാവനകൾ അർപ്പിച്ചവർക്കാണ് നൽകുന്നത്.

വംശനാശം നേരിടുന്ന മീനുകളുടെയും വാണിജ്യപ്രധാന മത്സ്യയിനങ്ങളുടെയും സംരക്ഷണത്തിൽ സഹായകരമായ പഠനങ്ങളുൾപ്പെടെ ഗവേഷണരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ ഡോ. ഗോപാലകൃഷ്ണൻ സ്വന്തമാക്കിയിട്ടുണ്ട്. അഗ്രികൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി ഉൾപ്പെടെ എട്ട് വിഭാഗങ്ങളിലായാണ് എല്ലാ വർഷവും വാസ്വിക് ഗവേഷണ പുരസ്കാരം നൽകുന്നത്. മുംബൈയിൽ നടന്ന ചടങ്ങിൽ പ്രമുഖ വ്യവസായി ശ്രീകാന്ത് ബാഡ്‌വെയിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങി.